കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം-എസ്.എസ്.എൽ.സി./സ്കൂൾ റെക്കോർഡുകളിൽ ജനനത്തീയതി തിരുത്തുന്നത് -അപേക്ഷാ ഫാറം പരിഷ്കരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ (സാധാ.)നം. 853/2011/പൊ.വി. തീയതി, തിരുവനന്തപുരം, 01 /03/2011.

---

## ഉത്തരവ്

ജനനത്തീയതി തിരുത്തലുമായി ബന്ധപ്പെട്ട് ഇന്ന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് എല്ലാ ഭാഗത്തുനിന്നും ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജനന സർട്ടിഫിക്കറ്റ് ഇന്നത്തെ നിലയിൽ നൽകാതിരുന്ന കാലത്താണ് നിലവിലുള്ള നടപടിക്രമങ്ങൾക്ക് രൂപം നൽകിയത്. ജനനം സംബന്ധിച്ച് എല്ലാ കാര്യങ്ങൾക്കും ഇന്ന് ആധികാരിക രേഖയായി പരിഗണിക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റാണ്.

മേൽ സാഹചര്യത്തിൽ ജനനത്തീയതി തിരുത്തലുമായി ബന്ധപ്പെട്ട അപേക്ഷ സമർപ്പിക്കുവാൻ നിലവിലുള്ള അപേക്ഷാഫോറം പരിഷ്കരിക്കുകയും പുതിയൊരു അപേക്ഷാ ഫോറത്തിന് രൂപകല്പന നൽകുകയും ചെയ്തിട്ടുണ്ട്. വ്യത്യസ്ത തലങ്ങളിൽ ചർച്ച ചെയ്ത അപേക്ഷാഫോറത്തിന്റെ മാതൃക (ഇതോടൊപ്പം ചേർത്തിട്ടുള്ളത്) അനിവാര്യമായ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത് വരുത്തി ഉപയോഗിക്കുവാനും അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുവാനുമുള്ള സംവിധാനവും ഒരുക്കാൻ പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നു. ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നടത്തുന്ന ജനനത്തീയതി തിരുത്തലിനും ഇതേ ഫോറം ബാധകമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എം. ക്രിസ്തുദാസ്,**
**ഡെപ്യൂട്ടി സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർമാർ (പരീക്ഷാ കമ്മീഷണർ മുഖേന)
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പരീക്ഷാ കമ്മീഷണർ മുഖേന)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പരീക്ഷാ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ